"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം -കൊല്ലം ജില്ല - കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ.സന്തോഷ് കുമാർ.ബി-യുടെ പ്രൊബേഷൻ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.910/2025/LSGD തീയതി,തിരുവനന്തപുരം, 04-04-2025

പരാമർശം:-

1. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 14.07.2004ലെ ഇ2-5205/02 നമ്പർ നടപടിക്രമം
2. 15/01/2022-ലെ ജി.ഒ(പി) നം.2/2022/ഉഭപവ
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.12.2023ലെ LSGD/PD/57697/2023-DEC3 നമ്പർ കത്ത്
4. തദ്ദേശസ്വയംഭരണ വകുപ്പ് ജില്ല ഡെപ്യൂട്ടി ഡയറക്ടറുടെ 05.11.2024ലെ LSGD/JD/KLM/5073/2023-A3 നമ്പർ നടപടിക്രമം

**ഉത്തരവ്**

കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ.സന്തോഷ് കുമാർ.ബി യുടെ പ്രൊബേഷൻ കാലയളവ് 25.02.2007 മുതൽ 25.02.2013 വരെ ദീർഘിപ്പിക്കുന്നതിനായി പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

2. 25.02.2004 തീയതിയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ശ്രീ.സന്തോഷ് കുമാർ.ബി-യുടെ നിയമനം പരാമർശം (1) പ്രകാരം ക്രമവൽകരിച്ചിട്ടുള്ളതും ടിയാൻ മാനുവൽ ഓഫ് ഒഫീസ് പ്രൊസീജർ പരീക്ഷ യഥാസമയം വിജയിക്കാത്തതിനാൽ, പരാമർശം (4) പ്രകാരം ടിയാന്റെ പ്രൊബേഷൻ കാലയളവ് 25.02.2006 തീയതി മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചിട്ടുള്ളതുമാണ്. ടിയാന്റെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടികളോ നിലവിലില്ലായെന്നും ടിയാന്റെ സ്വഭാവവും പ്രവൃത്തിയും തൃപ്തികരമാണെന്നും നിരീക്ഷണകാലയളവിനെ ബാധിക്കുന്ന അവധികൾ ഒന്നും വിനിയോഗിച്ചിട്ടില്ലായെന്നും ടിയാൻ 23.02.2013 ന് മാനുവൽ ഓഫ് ഒഫീസ് പ്രൊസീജർ പരീക്ഷ വിജയിച്ചിട്ടുണ്ട് എന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ചുവടെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ.സന്തോഷ് കുമാർ.ബി യുടെ പ്രൊബേഷൻ ടിയാൾ എം. ഒ. പി പരീക്ഷ വിജയിച്ച 23.02.2013 തീയതിയുടെ തൊട്ടടുത്ത ദിവസമായ 24.02.2013 FN ന് പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ്, ടിയാളുടെ പ്രൊബേഷൻ കാലയളവ് KS&SSR Part-II, Rule 21 -ന് വിധേയമായി 12.03.2007 മുതൽ 25.02.2013 AN വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.
2. ശ്രീ.സന്തോഷ് കുമാർ.ബി-യ്ക്ക് 50 വയസ്സ് പൂർത്തിയായിട്ടുള്ളതിനാൽ, പ്രൊമോഷനുള്ള നിർബന്ധിത വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്ന് കെ.എസ്.&എസ്.എസ്.ആർ ചട്ടം 13 Bപ്രകാരം (പരാമർശം(2) ഭേദഗതി വിജ്ഞാപനം) ഇളവ് നൽകുന്നതിനും ശ്രീ. സന്തോഷ് കുമാർ.ബി-ക്ക് 50 വയസ്സ് പൂർത്തിയായ തീയതിയ്ക്ക് ശേഷം, ടിയാനെ മറികടന്ന്

ജൂനിയറിന് സ്ഥാനക്കയറ്റം അനുവദിച്ചിട്ടുണ്ടെങ്കിൽ, പ്രസ്തുത സ്ഥാനക്കയറ്റ തീയതി പ്രാബല്യത്തിൽ ടിയാന് നോഷണൽ സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , കൊല്ലം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി,കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീ.സന്തോഷ് കുമാർ ബി , ക്ലർക്ക് , കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.4/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 04-04-2025 18:06:16